

പതിനാറാം കേരളനിയമസഭ

സബ്ജക്ട് കമ്മിറ്റി VI

(വിദ്യാഭ്യാസം)

2025-2026 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

2026 ഒക്ടോബർ 28ാം തീയതി സമർപ്പിച്ചത്

(Presented on 28th october 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2026

പതിനാറാം കേരളനിയമസഭ

സബ്ജക്ട് കമ്മിറ്റി VI

(വിദ്യാഭ്യാസം)

2025–2026 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	V
അവതാരിക	:	VII
റിപ്പോർട്ട്	:	1

സബ്ജക്ട് കമ്മിറ്റി VI

(വിദ്യാഭ്യാസം)
(2026–2028)

ഘടന

ചെയർപേഴ്സൺ:

ശ്രീ. എൻ. ഷംസുദ്ദീൻ,

പൊതുവിദ്യാഭ്യാസ–ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി

എക്സ്–ഒഫീഷ്യോ അംഗങ്ങൾ:

ശ്രീ. റോജി എം. ജോൺ,

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി

ശ്രീ. പി. സി. വിഷ്ണുനാഥ്,

വിനോദസഞ്ചാര–സാംസ്കാരിക വകുപ്പ് മന്ത്രി

ശ്രീ. ഒ. ജെ. ജനീഷ്,

കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം,

പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി

അംഗങ്ങൾ:

ശ്രീ.എം.എസ്. അരുൺ കുമാർ
ശ്രീ. ജ്യോതികുമാർ ചാമക്കാല
ഡോ. മാത്യു കുഴൽനാടൻ
ശ്രീ. പി. കെ. നവാസ്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. റോണി കെ. ബേബി
ശ്രീ. വിന്റു ജോബ് കുഴിമണ്ണിൽ

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി–ഇൻ–ചാർജ്ജ്

ശ്രീമതി ജയശ്രീ എം, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രോഷ്നി ആർ., അണ്ടർ സെക്രട്ടറി.

അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ 2025-2026 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI-ന്റെ 2025-2026 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2025 മാർച്ച് 03-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനകൾ (വിദ്യാഭ്യാസം, കായിക വിനോദം, കല, സാംസ്കാരികം),XLVI-ാം നമ്പർ ധനാഭ്യർത്ഥനകൾ(സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും) എന്നിവയുടെ കീഴിൽ വരുന്ന ചെലവിനങ്ങൾ സംബന്ധിച്ച സമിതിയുടെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നാളിതുവരെ ലഭ്യമാക്കിയ നടപടിപത്രികകൾ 02.09.2026, 26.10.2026 എന്നീ തീയതികളിൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ അദ്ധ്യായം I-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചുള്ള സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അദ്ധ്യായം II-ൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ, ഇനിയും സർക്കാരിൽ നിന്നും മറുപടി ലഭ്യമാക്കാനുള്ള ശിപാർശകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു.

2026 ഒക്ടോബർ 26-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം
2026, ഒക്ടോബർ 28

എൻ.ഷംസുദ്ദീൻ
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VI

റിപ്പോർട്ട്

അധ്യായം – I

2025-26 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും

ശിപാർശ (ഖണ്ഡിക 56)

31- 2202-03-102-99- കേരള സർവ്വകലാശാല

31-സഹായധനം - ശമ്പളം

ശമ്പളം, പെൻഷൻ, അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം, ശമ്പള പരിഷ്കരണ കുടിശ്ശിക, യു.ജി.സി. കുടിശ്ശിക, പെൻഷൻകാർക്കുള്ള ക്ഷാമബത്ത കുടിശ്ശിക എന്നിവ നല്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 95 കോടി രൂപ ഉപധന്യാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ

ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധികസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 57)

2202-03-102-98 - കോഴിക്കോട് സർവ്വകലാശാല

യു.ജി.സി. ശമ്പള പരിഷ്കരണ പ്രകാരവും, സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ പ്രകാരവുമുള്ള ശമ്പളം, ശമ്പള കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ, ദിവസവേതന/കരാർ ജീവനക്കാരുടെ പരിഷ്കരിച്ച വേതനം എന്നീ ചെലവുകൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 85.6442 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധികസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 58)

സർവ്വകലാശാല പരീക്ഷാ നടത്തിപ്പുകൾക്കും അക്കാദമിക് പ്രവർത്തനങ്ങൾക്കും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കുമായി മാറ്റിവച്ച സർവ്വകലാശാലയുടെ തനത് ഫണ്ടിലെ തുക തിരിച്ചടയ്ക്കുന്നതിനും, നവീകരണ/വികസന/ഭരണ/അക്കാദമിക പ്രവർത്തനങ്ങളിലൂന്നിയുള്ള പദ്ധതികൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനും ബജറ്റിൽ

അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 49.0101194 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപൂന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധികസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 59)

2202-03-102-97 - മഹാത്മാഗാന്ധി സർവ്വകലാശാല

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും ശമ്പള പരിഷ്കരണ കുടിശ്ശികയും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. 2025-26 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പിലാക്കാൻ അധിക തുക ആവശ്യമാണ്. ആയതിനാൽ 31- സഹായധനം ശമ്പളം എന്ന കണക്കിനത്തിൽ 128.2485 കോടി രൂപയും പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി ബന്ധപ്പെട്ട ശീർഷകത്തിൽ പദ്ധതിയിനത്തിൽ 16.55 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപൂന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം ബഡ്ജറ്റിൽ

വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധികസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 60)

2202-03-102-95 - ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും നടന്നുകൊണ്ടിരിക്കുന്ന വിദൂര വിദ്യാഭ്യാസത്തിന്റെ നടത്തിപ്പിനും, തുടർന്നുവരുന്ന പ്രോഗ്രാമുകൾക്ക് അനുസൃതമായി ജീവനക്കാരെ നിയമിക്കുന്നതിനും അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വയം പഠന സാമഗ്രികൾ, വിർച്വൽ കൗണ്ടറുകൾ എന്നിവ തയ്യാറാക്കുന്നതിനും മറ്റുമായി അധിക തുക ആവശ്യമായതിനാൽ പദ്ധതിയിനത്തിൽ 5.13 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.5544 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധികസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 61)

2202-03-102-93 - ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

ജീവനക്കാരുടെ ശമ്പളവും, വിരമിച്ച ജീവനക്കാരുടെ പെൻഷനാനുകൂല്യങ്ങളും നൽകുന്നതിനും സർവ്വകലാശാലയുടെ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം, പഠന വകുപ്പുകൾക്കാവശ്യമായ ഫർണീച്ചറുകൾ, ലൈബ്രറി പുസ്തകങ്ങൾ, ജേണലുകൾ എന്നിവ വാങ്ങുന്നതിനും, ഓഫീസ് ഓട്ടോമേഷൻ പൂർത്തിയാക്കുന്നതിനും, സെന്റർ ഫോർ ഓൺലൈൻ കോഴ്സസ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി അധിക തുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 119.4996 കോടി രൂപയും, പദ്ധതിയിനത്തിൽ 4.4 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധികസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 62)

2202-03-102-92 - കണ്ണൂർ സർവ്വകലാശാല ധനസഹായം

അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ

നടത്തുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. കൂടാതെ വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നടത്തിപ്പിനുമായി കൂടുതൽ തുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 3.75 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 40.9076 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധികസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 63)

2202-03-102-77 - നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (നുവാൽസ്)

നുവാൽസിന്റെ ക്യാമ്പസ് വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനു വേണ്ടി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 81.62 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധികസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 64)

2202-03-102-72- തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

സർവ്വകലാശാലയിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം, ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ ഫണ്ട് കുടിശ്ശിക, നൽകുന്നതിനും വാഹന വാടക, ഇന്ധന ചെലവുകൾക്കുമായി അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 12.3145 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയ്ക്ക് ഈ സാമ്പത്തിക വർഷം GO(Rt) No. 1435/2025/HEDN, dated 03/11/2025 പ്രകാരം 80,00,000/- രൂപയും, GO(Rt) No. 1490/2025/HEDN, dated 20/11/2025 പ്രകാരം 44,00,000/- രൂപയും, GO(Rt) No. 1527/2025/HEDN, dated 29/11/2025 പ്രകാരം 90,00,000/- രൂപയും, GO(Rt) No. 20/2026/HEDN, dated 03/01/2026 പ്രകാരം 95,00,000/- രൂപയും, GO(Rt) No. 124/2026/HEDN, dated 29/01/2026 പ്രകാരം 95,00,000/- രൂപയും പദ്ധതിയേതര ഇനത്തിൽ അധിക ധനസഹായം അനുവദിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക 65)

ക്യാമ്പസ് വികസനം, അക്കാദമിക് ഭരണവിഭാഗ കെട്ടിട നിർമ്മാണം, ലൈബ്രറി വികസനം, ഹോസ്റ്റൽ നിർമ്മാണം, താൽക്കാലിക ക്ലാസ്സ് മുറികളും ഓഡിറ്റോറിയവും നിർമ്മാണം, ദേശീയ-അന്തർദ്ദേശീയ സെമിനാറുകൾ, അന്തർ സർവ്വകലാശാല സഹകരണം/ചെയറുകൾ, പ്രോജക്ടുകൾ എന്നിവയ്ക്കുമായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ '35-മൂലധന ആസ്തികളുടെ രൂപീകരണം' എന്ന ഉപശീർഷകത്തിൽ 15.2443 കോടി രൂപയും '36-സഹായധനം ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 6.4057 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗങ്ങൾ കണ്ടെത്തുകയോ

ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധികസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 70)

2202-03-103-57 - രാഷട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (ആർ.യു.എസ്.എ) (60% സി.എസ്.എസ്.)

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം PM-USHA പദ്ധതിയെ റൂസ പദ്ധതിയുടെ തുടർച്ചയായി കണ്ട് നിലവിലെ റൂസ പദ്ധതിക്കുള്ള അലോട്ട്മെന്റിൽ നിന്ന് പി.എം ഉഷ പദ്ധതിക്ക് തുക അനുവദിച്ച് നൽകാവുന്നതാണ്. റൂസ/പി.എം.ഉഷ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഈ പദ്ധതി 31.3.2026-ൽ പൂർത്തിയാക്കേണ്ടതിനാൽ അധിക തുക വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ പദ്ധതിയിനത്തിൽ 517.44 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

SNA SPARSH സംവിധാനത്തിനു കീഴിൽ വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്ന് Mother Sanction മുഖേന കേന്ദ്രാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ആനുപാതിക സംസ്ഥാന വിഹിതവും ചേർത്തുള്ള തുക പദ്ധതി നിർവ്വഹണത്തിനായി ഗുണഭോക്താക്കൾക്ക് നൽകുകയാണ് ചെയ്യുന്നത്. സ്കീമിന്റെ Mother Sanction അടക്കമുള്ള വിശദാംശങ്ങൾ സഹിതം ശിപാർശ ലഭ്യമാക്കുമ്പോൾ കേന്ദ്ര വിഹിതവും ആനുപാതികമായ സംസ്ഥാന വിഹിതവും റിലീസ് ചെയ്യുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതം മതിയാകാതെ വരുന്ന പക്ഷം ആവശ്യമായ അധിക തുക ഉചിതമാർഗ്ഗത്തിലൂടെ നൽകുന്നതാണ്.

ശിപാർശ (ഖണ്ഡിക 72)

2202-03-103-48- കേരളം- എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷനും (കെ-റീപ്പ്) ഉന്നത വിദ്യാഭ്യാസത്തിലെ മികവുകളുടെ കേന്ദ്രങ്ങളും.

കേരള -എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷൻ (കെ-റീപ്പ്) നും ഉന്നത വിദ്യാഭ്യാസത്തിലെ മികവുകളുടെ കേന്ദ്രങ്ങളും വികസിപ്പിക്കുന്നതിന് ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 8.60 കോടി രൂപ ഉപധനാഭ്യാർത്ഥന / ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആസൂത്രണ ബോർഡിന്റെ ശിപാർശയ്ക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിയ്ക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബജറ്റ് വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്ത് അധിക വിഹിതം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 80)

2203-00-102-99 - കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)

പ്രവേശന പരീക്ഷാ നടത്തിപ്പ് ചെലവുകൾ, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, അദ്ധ്യാപക- അനദ്ധ്യാപക നിയമനങ്ങൾ, വാർഷിക ഇൻക്രിമെന്റ്, പെൻഷൻ, ഡി.എ. അരിയർ, എന്നീ ഇനങ്ങളിലെ ചെലവുകൾക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ സഹായധനം- ശമ്പളം എന്ന കണക്കിനത്തിൽ പദ്ധതിയേതരയിനത്തിൽ 114.3252 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധികസഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 81)

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനും, പശ്ചാത്തല അടിസ്ഥാന സൗകര്യ വികസനവും അവ സമയബന്ധിതമായി നടത്തുന്നതിനും, വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കംപ്യൂട്ടറുകളും വാങ്ങുന്നതിനും, പരിസ്ഥിതി സൗഹൃദവും സുരക്ഷാ നടപടികളും സർവ്വകലാശാലയിൽ നടപ്പാക്കുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 8.85 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ

ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ വിഭവലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക സഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

(56 മുതൽ 65 വരെയുള്ള ഖണ്ഡികകളിലെയും 70, 72, 80, 81 എന്നീ ഖണ്ഡികകളിലേയും ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് 04.03.2026 ലെ HEDN-B1/116/2025-HEDN നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 02-09-2026 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 97)

2203-00-800-91 - കേരള സംസ്ഥാന നൂതന അച്ചടി പരിശീലനകേന്ദ്രം-ധനസഹായം

36- സഹായധനം - ശമ്പളേതരം

സെന്ററിന്റെ ഹെഡ് ഓഫീസ് കോംപ്ലക്സിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പാക്കേജിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ മെഷീനുകൾ വാങ്ങുന്നതിനുമായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3.50 കോടി രൂപ ഉപധനഭ്യർത്ഥന / ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധിതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യുന്നത് ഉചിതമായിരിക്കും. സംസ്ഥാനത്തിന്റെ വിഭവ ലഭ്യത മെച്ചപ്പെടുന്ന ഘട്ടത്തിൽ അധിക സഹായം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

(ഖണ്ഡിക നം. 97 ലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് 01.01.2026 ലെ K3/95/2025-HEDN നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 02-09-2026 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 99)

2205-00-101-94—ഫൈൻ ആർട്സ് കോളേജുകൾ, തിരുവനന്തപുരം, മാവേലിക്കര, തൃശ്ശൂർ

34-2-മറ്റ് ചെലവുകൾ-വൈദ്യുതി ചെലവ്

ഫൈൻ ആർട്സ് കോളേജുകളിലെ വൈദ്യുതി ബില്ലുകളുടെ കുടിശ്ശിക നൽകാനുള്ളതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിന് പുറമേ 1.34 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഫൈൻ ആർട്സ് കോളേജുകളിലെ വൈദ്യുത ചാർജ്ജ് ഇനത്തിൽ വന്നിട്ടുള്ള ചെലവ്, 2205-00-101-94-00-34-02-NV എന്ന ശീർഷകത്തിൽ ബജറ്റിൽ അനുവദിച്ച തുകയ്ക്കുള്ളിൽ തന്നെ വന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(ഖണ്ഡിക നം. 99 ലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് 30.07.2026 ലെ ജെ1/275/2025-ഉ.വി.വ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 02-09-2026 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 100)

2205-00-105-99—കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ

31-സഹായധനം - ശമ്പളം

ശമ്പളം, പെൻഷൻ കുടിശ്ശിക എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 4.5006 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സാമ്പത്തിക വർഷം അവസാനിച്ചതിനാൽ പരിഗണിക്കാൻ സാധിക്കില്ല.

ശിപാർശ (ഖണ്ഡിക 101)

36-സഹായധനം-ശമ്പളേതരം

ലൈബ്രറികൾക്ക് പുസ്തക ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ് എന്നിവ അനുവദിക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 30.6941 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സാമ്പത്തിക വർഷം അവസാനിച്ചതിനാൽ പരിഗണിക്കാൻ സാധിക്കില്ല.

(100, 101 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് 19.09.2026 ലെ എ 2/102/2025/ഉവിവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 26.10.2026 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 103)

4202-01-203-70 — പബ്ലിക്ക് യൂണിവേഴ്സിറ്റി കാമ്പസ് നിർമ്മാണവും വികസനവും (മലയാള സർവ്വകലാശാലയുടെ പുതിയ കാമ്പസും ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റികളും)

പുതിയ കാമ്പസ് നിർമ്മാണവും വികസനവും അക്കാദമിക് - ഭരണവിഭാഗ കെട്ടിട നിർമ്മാണം എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 20 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് കീഴിൽ വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതിക്ക് എം.ഐ.ഡി.പി. പദ്ധതികളിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച ഉത്തരവുകൾക്കനുസൃതമായി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ച ശേഷം ലംപ്സം വിഹിതത്തിൽ കുറവ് വരുത്തിക്കൊണ്ട് വിഹിതം അനുവദിക്കുന്നതാണ്.

(ഖണ്ഡിക 103 ലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് 04.03.2026 ലെ HEDN-B1/116/2025-HEDN നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 02-09-2026 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 134)

2205-00-103-99 — പുരാവസ്തു വകുപ്പ്

മ്യൂസിയങ്ങളിൽ എത്തുന്ന സന്ദർശകരുടെ എണ്ണം കൂടിവരുന്നതിനാലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ തുറന്നു കൊടുത്തതിനാലും വെള്ളത്തിന്റെ ഉപയോഗം വളരെയധികം കൂടിയതിനാൽ ഈ ശീർഷകത്തിൽ കീഴിൽ 05-01 ഓഫീസ് ചെലവുകൾ - വെള്ളക്കരം എന്ന ഇനത്തിൽ 1 ലക്ഷം രൂപയും ഏറ്റവും വലിയ പുരാവസ്തു മ്യൂസിയമായ ഹിൽപാലസ് മ്യൂസിയത്തിൽ പുതുതായി ട്രാൻസ്ഫോമർ സ്ഥാപിച്ചതിനാലും നവീകരണം പൂർത്തിയാക്കിയ പല മ്യൂസിയങ്ങളിലും ഡിസ്പ്ലേ സംവിധാനം പ്രവർത്തിക്കുന്നതിനാലും 05-2 വൈദ്യുതി ചെലവ് എന്ന ഇനത്തിൽ 6.5 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക ചെലവിന്റെ വിശദാംശങ്ങൾ സഹിതം വകുപ്പ് സമർപ്പിക്കുന്ന ഉചിതമായ ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 135)

2205-00-103-91 — എറണാകുളത്തെ പുരാവസ്തു മ്യൂസിയം

എറണാകുളം ജില്ലയിലെ ഹിൽപാലസ് മ്യൂസിയത്തിൽ വിവിധ സംരക്ഷണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും ജില്ലയിലെ മറ്റ് സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തികൾക്കും കൂടുതൽ തുക ആവശ്യമായതിനാൽ പദ്ധതിയിനത്തിൽ 1 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആസൂത്രണ ബോർഡിന്റെ ശിപാർശയ്ക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബജറ്റ് വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം വകുപ്പ് സമർപ്പിക്കുന്ന ഉചിതമായ ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 136)

2205-00-103-89 — പുരാവസ്തു കെട്ടിടങ്ങൾ

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ട 192 സ്മാരകങ്ങളിൽ സംരക്ഷണ പ്രവൃത്തികൾ ആവശ്യമായ സ്മാരകങ്ങളുടെ സംരക്ഷണം നിർവ്വഹിക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.50 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആസൂത്രണ ബോർഡിന്റെ ശിപാർശയ്ക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബജറ്റ് വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം വകുപ്പ് സമർപ്പിക്കുന്ന ഉചിത ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 138)

2205-00-104-99 — കേരള സംസ്ഥാന പുരാരേഖ

സംസ്ഥാന പുരാരേഖ വകുപ്പിന്റെ വിവിധ ഓഫീസുകളിലെ വാടക, കരം, നികുതി എന്നീ ഇനങ്ങളിലെ ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 4.73 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചശേഷം അധിക ചെലവിന്റെ വിശദാംശങ്ങൾ സഹിതം വകുപ്പ് സമർപ്പിക്കുന്ന ഉചിതമായ ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 139)

2205-00-104-91 — ആർക്കൈവൽ സ്റ്റഡി ആന്റ് റിസർച്ച് സെന്റർ

പുരാരേഖ വകുപ്പ് നിർമ്മിക്കുന്ന ഇന്റർ നാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്ററിന്റെ പൂർണ്ണമായുള്ള സജ്ജീകരണ പ്രവർത്തനങ്ങൾക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 6.35 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആസൂത്രണ ബോർഡിന്റെ ശിപാർശയ്ക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബജറ്റ് വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം വകുപ്പ് സമർപ്പിക്കുന്ന ഉചിത ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 140)

2205-00-107-99 - ആർട്ട് മ്യൂസിയം ഉൾപ്പെടെയുള്ള മ്യൂസിയം

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലെ മ്യൂസിയം, മൃഗശാല, ഗാർഡൻ, കണ്ണൂരിലെ തെയ്യം മ്യൂസിയം, എ.കെ.ജി. മ്യൂസിയം എന്നിവിടങ്ങളിലെ വൈദ്യുതി ചെലവ് വാടക, കരം, നികുതി എന്നീ ചെലവുകൾക്കായി വകയിരുത്തിയ തുക പര്യാപ്തമല്ല. ആയതിനാൽ 05(2) വൈദ്യുതി ചെലവ് എന്ന കണക്കിനത്തിൽ 21 ലക്ഷം രൂപയും 06-വാടക, കരം, നികുതി എന്ന കണക്കിനത്തിൽ 10 ലക്ഷം രൂപയം പദ്ധതിയേതരയിനത്തിൽ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിലുള്ള ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക ചെലവിന്റെ വിശദാംശങ്ങൾ സഹിതം വകുപ്പ് സമർപ്പിക്കുന്ന ഉചിതമായ ധനപുനർവിനിയോഗ നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

(134 മുതൽ 136 വരെയുള്ള ഖണ്ഡികകളിലെയും 138 മുതൽ 140 വരെയുള്ള ഖണ്ഡികകളിലെയും ശിപാർശകളിന്മേൽ സാംസ്കാരികകാര്യ വകുപ്പ് 12.01.2026 ലെ

ബി2/175/2025-സാം.കാ.വ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 02-09-2026 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 141)

24 - സാധന സാമഗ്രികൾ

മൃഗശാലയിലെ മൃഗങ്ങൾക്ക് ആവശ്യമായി വരുന്ന മരുന്നുകൾ, ഭക്ഷണം നൽകുന്നതിനു വേണ്ട പാത്രങ്ങൾ എന്നിവയ്ക്കായി ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2025-26 സാമ്പത്തിക വർഷം മൃഗശാലയിലെ മൃഗങ്ങൾക്ക് ആവശ്യമായി വരുന്ന മരുന്നുകൾ, ഭക്ഷണം എന്നിവയ്ക്ക് ബജറ്റ് വിഹിതമായി 4 കോടി രൂപ 77- മൃഗങ്ങൾക്കുള്ള ഭക്ഷണം എന്ന ഡീറ്റെയ്ൽഡ് ശീർഷകത്തിന് കീഴിൽ വകയിരുത്തിയിട്ടുണ്ട്.

(ഖണ്ഡിക 141 ലെ ശിപാർശയിന്മേൽ സാംസ്കാരികകാര്യ വകുപ്പ് 24.01.2026 ലെ ബി2/175/2025-സാം.കാ.വ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 02-09-2026 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ (ഖണ്ഡിക 142)

2205-00-107-93 - മ്യൂസിയങ്ങളുടെയും ഗ്യാലറികളുടെയും ആധുനികവൽക്കരണവും മ്യൂസിയം കാമ്പസിന്റെ വികസനവും

മ്യൂസിയങ്ങളുടെയും ഗ്യാലറികളുടെയും ആധുനികവൽക്കരണത്തിനായും നവീകരണത്തിനായും മ്യൂസിയം കാമ്പസിന്റെ വികസനത്തിനായും അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 7.96 കോടി രൂപ

ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആസൂത്രണ ബോർഡിന്റെ ശിപാർശയ്ക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബജറ്റ് വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം വകുപ്പ് സമർപ്പിക്കുന്ന ഉചിത ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 143)

2205-00-107-91 - എ.കെ.ജി. സ്മാരക മ്യൂസിയം

കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ പുതിയതായി സ്ഥാപിക്കുന്ന എ.കെ.ജി. സ്മൃതി മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 15.03 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആസൂത്രണ ബോർഡിന്റെ ശിപാർശയ്ക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബജറ്റ് വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം വകുപ്പ് സമർപ്പിക്കുന്ന ഉചിത ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 144)

2205-00-107-89 - ശ്രീ ചിത്ര ആർട്ട് ഗ്യാലറി

മ്യൂസിയം മൃഗശാല വകുപ്പിന്റെ തിരുവനന്തപുരം ഡയറക്ടറേറ്റിൽ പുതിയതായി സ്ഥാപിച്ച രാജാരവിവർമ്മ ആർട്ട് ഗ്യാലറിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വകയിരുത്തിയ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആസൂത്രണ ബോർഡിന്റെ ശിപാർശയ്ക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബജറ്റ് വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം വകുപ്പ് സമർപ്പിക്കുന്ന ഉചിത ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക 147)

4202-04-106-95 - കേരള സ്റ്റേറ്റ് മ്യൂസിയം സ്ഥാപിക്കൽ

മൃഗശാല വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ മ്യൂസിയം മൃഗശാലയിലെ മൃഗങ്ങൾ പുത്തൂർ മൃഗശാലയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്ന മുറയ്ക്ക് ഒഴിവ് വരുന്ന സ്ഥലത്ത് പുതുതായി കേരള സംസ്ഥാന മ്യൂസിയം സ്ഥാപിക്കുന്നതിന് വകയിരുത്തിയ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആസൂത്രണ ബോർഡിന്റെ ശിപാർശയ്ക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബജറ്റ് വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം വകുപ്പ് സമർപ്പിക്കുന്ന ഉചിത ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

(142 മുതൽ 144 വരെയുള്ള ഖണ്ഡികകളിലെയും ഖണ്ഡിക 147 ലെയും ശിപാർശകളിന്മേൽ സാംസ്കാരികകാര്യ വകുപ്പ് 12.01.2026 ലെ ബി2/175/2025-സാം.കാ.വ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 02-09-2026 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

സബ്ജക്ട് കമ്മിറ്റി IX – ൽ നിന്നും കൈമാറിക്കിട്ടിയ ന്യൂനപക്ഷക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡികകൾ

ശിപാർശ (ഖണ്ഡിക 21)

2225-04-001-99- നടത്തിപ്പ്

34- മറ്റ് ചെലവുകൾ

3-മറ്റിനം

ന്യൂനപക്ഷ അവകാശങ്ങളും ശാക്തീകരണ പദ്ധതികളും നടപ്പിലാക്കുന്നതിന് 2025-26 സാമ്പത്തിക വർഷം സംസ്ഥാനതലത്തിലും ജില്ലകൾ ആസ്ഥാനമാക്കിയും ദിനാചരണം സംഘടിപ്പിക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 3 ലക്ഷം രൂപ ഉപധനാഭ്യർത്ഥന / ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 22)

2225-04-001-99- നടത്തിപ്പ്

97- വാഹനങ്ങളുടെ വാടക

ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി വാടകയ്ക്കെടുത്ത വാഹനത്തിന്റെ വാടക തുക ഒടുക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 3 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 23)

2225-04-102-92- ജസ്റ്റിസ് സച്ചാർ കമ്മിറ്റിയുടെ ശിപാർശകളിന്മേലുള്ള പദ്ധതികളുടെ നടപ്പാക്കൽ

34- മറ്റ് ചെലവുകൾ

3- മറ്റിനം

24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളുടേയും 32 ഉപകേന്ദ്രങ്ങളുടേയും നടത്തിപ്പ് ചെലവ്, ഫാക്കൽറ്റി ചെലവ്, കേന്ദ്രത്തിന്റെ മറ്റ് നടത്തിപ്പ് ചെലവുകൾ, മദ്രസ്സ ക്ഷേമനിധി ബോർഡിന്റെ വിവാഹ ധനസഹായം, ഉറുദു സ്കോളർഷിപ്പ് എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.5 കോടി

രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ (ഖണ്ഡിക 24)

2225-04-102-91- കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

31- സഹായധനം - ശമ്പളം

ന്യൂനപക്ഷ കമ്മീഷൻ ചെയർമാന്റെയും അംഗങ്ങളുടെയും മുൻ ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പള കുടിശ്ശിക, വാർഷിക വേതന വർദ്ധനവ്, ടി.എ./ഡി.എ., യാത്രാ ബത്ത, ഡി.എ. വർദ്ധനവ്, ടെർമിനൽ സറണ്ടർ, ഫ്യൂവൽ അലവൻസ് എന്നീ ഇനങ്ങളിലുള്ള ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ മേൽ ശീർഷകത്തിൽ 65 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2225-04-102-91-31- Grant -in-aid ശമ്പളം എന്ന ശീർഷകത്തിൽ അധിക ധനാനുമതിയായി 54,14,000/- രൂപയും 2225-04-102-91-31 Grant-in-aid ശമ്പളേതരം എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴി 7,66,000/- രൂപയും ചേർത്ത് ആകെ 61,80,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(ഖണ്ഡിക 21 മുതൽ 24 വരെയുള്ള ശിപാർശകളിന്മേൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് 07.07.2026 ലെ MW1/164/2025-GAD നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 02-09-2026 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

അദ്ധ്യായം II

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് (2025-26) റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാനുള്ള ഖണ്ഡികകൾ

വകുപ്പ്	ഖണ്ഡിക നമ്പർ
പൊതുവിദ്യാഭ്യാസം	1-55,162,163
ഉന്നത വിദ്യാഭ്യാസം	66-69,71,73-79,82-96,98,102
സാംസ്കാരികം	104-133,137,145,146,148-151
കായിക യുവജനകാര്യം	152-161

തിരുവനന്തപുരം

2026,ഒക്ടോബർ 26

എൻ. ഷംസുദ്ദീൻ,

ചെയർപേഴ്സൺ

സബ്ജക്ട് കമ്മിറ്റി VI